പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4134 21.07. 2015- ലെ മറുപടി

**പ്രവാസികൾക്കുള്ള വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ. കെ. സി. ജോസഫ് *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വായ്പയ്ക്കായി 2014-15 വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര പേർക്കാണ് വായ്പ ലഭ്യമാക്കിയത്; | എ) തിരികെയെത്തിയ പ്രവസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്ക്കരിച്ച നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി 2013 ജൂൺ 1 മുതൽ ജൂലൈ 15 വരെ അനുവദിച്ചിരുന്ന സമയ പരിധിയ്ക്കുള്ളിൽ 19690 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇവരുടെ അപേക്ഷ പരിശോധിച്ച് 6758 പേർക്ക് ബാങ്കിന്റെ നിബന്ധനകൾ പാലിച്ച് ലോൺ അനുവദിക്കുവാൻ പദ്ധതിയുമായി സഹകരിക്കുന്ന കാനറ ബാങ്ക്/ യൂണിയൻ ബാങ്ക് എന്നീ ബാങ്കുകളിലേക്ക് ശുപാർശ കത്ത് നൽകിയിട്ടുണ്ട്. ഇതിൽ 976 പേർക്ക് കാനറാ ബാങ്കും, യൂണിയൻ ബാങ്കും മുഖേന ലോൺ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ പേർക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പ്രവാസികളുടെ കോടിക്കണക്കിനു രൂപ നിക്ഷേപമുള്ള ബാങ്കുകളാണ് വായ്പ നൽകാൻ മടി കാട്ടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി എന്താണെന്നറിയിക്കുമോ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 22/6/2015 ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി മീറ്റിങ്ങിൽ ടി. വിഷയം ചർച്ച ചെയ്യുകയും കൂടുതൽ ബാങ്കുകളോട് ഈ പദ്ധതിയുമായി സഹകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

N